LIBRARY ARCHIVES Kerala Legislative Assembly

(5) പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ മുപ്പത്തിയഞ്ചും മുപ്പത്തിയാറും റിപ്പോർട്ടുകൾ

സമിതി ചെയർമാനായ ശ്രീ. വി. പി. സജീന്ദ്രനുവേണ്ടി (ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ): സർ, പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി അംഗമായ ഞാൻ സമിതിയുടെ മുപ്പത്തിയഞ്ചും മുപ്പത്തിയാറും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(6) സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പതിനാല് മുതൽ പതിനാറ് വരെയുള്ള റിപ്പോർട്ടുകൾ

ഡോ. എൻ. ജയരാജ്: സർ, സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനാല് മുതൽ പതിനാറ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(7) പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ മുപ്പത്തിനാല് മുതൽ നാൽപ്പത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. സി. പി. മുഹമ്മദ്: സർ, പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ മുപ്പത്തിനാല് മുതൽ നാൽപ്പത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

ഇത് കേരള നിയമസഭയുടെ ചരിത്രത്തിലെ ഒരു റെക്കോർഡാണ്. അവതരിപ്പിക്കുന്ന റിപ്പോർട്ടുകളുടെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കണമെന്ന് 1989-ൽ വർക്കല രാധാകൃഷ്ണൻ റൂളിംഗ് നൽകിയിരുന്നു. ആ റൂളിംഗിന് മുൻപോ അതിനുശേഷമോ കേരള നിയമസഭയിൽ ആദ്യമായാണ് പരിസ്ഥിതി കമ്മിറ്റി എല്ലാ റിപ്പോർട്ടുകളും ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളും മേശപ്പുറത്തു വയ്ക്കുന്നത്. ഇതിൽ പരിസ്ഥിതി കമ്മിറ്റിക്ക് അഭിമാനമുണ്ട് എന്ന് ഞാൻ സഭയെ അറിയിക്കുന്നു.

മി. സ്പീക്കർ: എല്ലാ ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളും സഭയുടെ മേശപ്പുറത്തു വച്ച പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷൻ ശ്രീ. സി. പി. മുഹമ്മദിനെ ചെയർ പ്രത്യേകം അഭിനന്ദിക്കുന്നു.